

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

# 200 രൂപയുടെ കള്ളനോട്ടുകളുമായി യുവാവ് അറസ്റ്റിൽ

200 രൂപയുടെ 229 കള്ളനോട്ടുകളുമായി യുവാവിനെ ടൗൺ സൗത്ത് പോലീസ് അറസ്റ്റ് ചെയ്തു. ഒറ്റപ്പാലം,ചുനങ്ങാട്, മലപ്പുറം പുതുവീട്ടിൽ ഷമീർ ബാബു, വഃ 37 നെയാണ് ടൗൺ സൗത്ത് പോലീസും ഡാൻസാഫ് സ്ക്വാഡും ചേർന്ന് ഇന്നലെ വൈകുന്നേരം പാലക്കാട് KSRTC ലിങ്ക് റോഡിൽ വെച്ച് കസ്റ്റഡിയിലെടുത്തത്. പാലക്കാട് ഭാഗത്ത് വിതരണത്തിനായി കാറിലാണ് പ്രതി ഇന്നലെ എത്തിയത്. ജില്ലാ പോലീസ് മേധാവി ശിവവിക്രം IPS നു ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടന്നത്.


45800 രൂപയുടെ കള്ളനോട്ടുകളുമായി യുവാവ് അറസ്റ്റിൽ

കാഴ്ചയിൽ ഒറിജിനൽ നോട്ട് പോലെ ഉള്ളവയാണ്, വാട്ടർമാർക്കും ഉണ്ട്. കയ്യിലെടുത്ത് സൂക്ഷിച്ച് പരിശോധിച്ചാൽ മാത്രമേ കള്ളനോട്ടാണെന്ന് മനസ്സിലാവൂ. 45800 രൂപ മൂല്യമുള്ള വ്യാജ നോട്ടുകളാണ് വിതരണത്തിനായി കൊണ്ടുവന്നത്.

നോട്ടിന്റെ ഉറവിടത്തെക്കുറിച്ചും, കൂടുതൽ നോട്ടുകൾ അച്ചടിച്ചിട്ടുണ്ടോ എന്നും പോലീസ് അന്വേഷിച്ചുവരികയാണ്. പ്രതിയുടെ വീട് പരിശോധിച്ചതിൽ കൂടുതലൊന്നും കണ്ടെത്താനായില്ല.

പാലക്കാട് ജില്ലാ പോലീസ് മേധാവി ശിവവിക്രം IPS ന്റെ നിർദ്ദേശത്തെത്തുടർന്ന്, പാലക്കാട് DySP സാജു K എബ്രഹാം , നർകോട്ടിക് സെൽ DySP ബാബു Kതോമസ്, ടൗൺ സൗത്ത് ഇൻസ്പെക്ടർ ജ്യോതീന്ദ്രകുമാർ, സബ് ഇൻസ്പെക്ടർ R. രഞ്ജിത്ത്, അഡീഷണൽ SI. മുനിദാസ് SCPO കൃഷ്ണദാസ്, CPO പ്രദീപ് ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ SI. S.ജലീൽ, ASI അബ്ദുൾ സലാം, V. ജയകുമാർ, T. R. സുനിൽ കുമാർ , R. കിഷോർ ,K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, ദിലീപ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കള്ളനോട്ട് പിടികൂടിയത്.

.................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT